# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 6959

10.07.2014 ലെ മറുപടിക്ക്

### ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പദ്ധതി സ്വീകരിച്ചിട്ടുണ്ടോ; | എ) യും ബി) യും | സംസ്ഥാനത്ത് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ധനസഹായത്തോടുകൂടി നടപ്പാക്കുന്ന ചില പദ്ധതികളും ചില സംസ്ഥാന പദ്ധതികളും ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ്. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളും ഈ കേന്ദ്രങ്ങൾക്കിടയിൽ സ്ഥിതിചെയ്യുന്ന വിനോദസഞ്ചാര സാധ്യതകൾ കൂടിയ മറ്റു സ്ഥലങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് ഇത്തരം പദ്ധതികളിലുള്ളത്. ടൂറിസം വികസനം ത്വരിതപ്പെടുത്തി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് ടൂറിസം സർക്യൂട്ടുകളുടെ ലക്ഷ്യം. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | | |
| സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | മേൽ പ്രകാരമുള്ള പദ്ധതി നിർവ്വഹണത്തിന് സഹായിക്കുന്ന ഏജൻസികൾ ഇവയാണ്:<br>KITCO, SIDCO, KIIDC, Inland Navigation, Eco-Tourism, Harbour Engineering Department |
| ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | സംസ്ഥാനത്ത് ടൂറിസം സർക്യൂട്ട് വികസനത്തിന് നടപ്പാക്കിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്: |

(..........2)

1. Development of Northern Regional Circuit in Kerala
2. Development of High Range Circuit.
3. Beach Tourism Circuit
4. Development of Pilgrim Circuit
5. Development of Eco-Tourism Circuit.
6. Heritage Circuit of Thalassery and surroundings
7. Development of Musiris Heritage Tourism Circuit.
8. Development of Nila Heritage Tourism Circuit
9. Development of Ashtamudi Cruise Circuit
10. Development of Kadinamkulam Backwater Circuit
11. Development of Backwater Circuit, Alappuzha.

സെക്ഷൻ ഓഫീസർ